**By Registered Post**

നം. വി.ജി.6 – 4220/2012

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം,
തിരുവനന്തപുരം.
തീയതി: 03-05-2012.

പ്രേഷിതൻ
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ.

സ്വീകർത്താവ്
പ്രോജക്ട് ഓഫീസർ,
ഐ.ടി.ഡി. പ്രോജക്ട് ഓഫീസ്,
അട്ടപ്പാടി, അഗളി പി.ഒ.,
പാലക്കാട്.

സർ,

വിഷയം:- പൊ.മ.വ. – വിജിലൻസ് – ഐ.ടി.ഡി.പി. അട്ടപ്പാടി – ജീവനക്കാര്യം – ശ്രീ. പി.കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

സൂചന:- 1. സർക്കാർ ഉത്തരവ് (സാധാ) നം. 665/2012/പൊ.മ.വ. തീയതി 20/04/2012.
2. നമ്പർ. ബി–1-5750/06 തീയതി 13/02/2012 അങ്ങയുടെ ഓഫീസിലെ കത്ത്.

....

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന 1 പ്രകാരം ശ്രീ. പി.കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ട് സർക്കാർ ഉത്തരവായിരിക്കുന്നു. ടി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് ടിയാന് നൽകി കൈപ്പറ്റ് രസീത് ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം:- സർക്കാർ ഉത്തരവിന്റെ പകർപ്പ് -

sd/-

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
(വിജിലൻസ്).

1. പകർപ്പും സർക്കാർ ഉത്തരവിന്റെ പകർപ്പും ഭരണസഹായി (ജനറൽ) ന് നല്കുന്നു.
2. പകർപ്പും സർക്കാർ ഉത്തരവിന്റെ പകർപ്പും ശ്രീ. പി.കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിന് നല്കുന്നു.
3. പകർപ്പും സർക്കാർ ഉത്തരവിന്റെ പകർപ്പും ഐ.ടി. സെല്ലിന് നൽകുന്നു – പൊതുമരാമത്ത് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.

sm4512

ഉത്തരവിൻ പ്രകാരം

Administrative Assistant
(Vigilance)
Office Of the Chief Engineer
PWD. Administration
Thiruvananthapuram

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - വിജിലൻസ് - ഐ. ടി. ഡി. പി. അട്ടപ്പാടി - ജീവനക്കാര്യം - ശ്രീ. പി. കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (എഫ്) വകുപ്പ്

സ.ഉ. (സാധാ.) നം. 665 /2012/പൊ.മ.വ. തീയതി, തിരുവനന്തപുരം, 20.04.2012.

---

പരാർശം: 1) ജി. ഒ. (ആർ. റ്റി) നമ്പർ. 1126/11/പൊ.മ.വ തീയതി, 27.08.2011.

2) ഐ. ടി. ഡി. പി. പ്രോജക്ട് ഓഫീസറുടെ 10.02.2012 - ലെ ബി1 - 5750/06 - ാം നമ്പർ കുറ്റാരോപണ പത്രിക.

3) ചീഫ് എഞ്ചിനീയറുടെ (ഭരണ വിഭാഗം) 27.13.2012 - ലെ വിജി. 6 - 4220/12 - ാം നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം ഐ. ടി. ഡി. പി. യിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിക്കപ്പെട്ട ശ്രീ. പി. കെ. ബാബു 07.09.2011 - ന് അട്ടപ്പാടി ഐ. ടി. ഡി. പി. പ്രോജക്ട് ഓഫീസിൽ ജോലിയിൽ പ്രവേശിച്ചുവെന്നും തുടർന്നുള്ള ദിവസങ്ങളിൽ ഓഫീസിൽ വരാതിരിക്കുകയും ജോലിക്ക് വരുന്ന ദിവസങ്ങളിൽ മേലധികാരിയുടെ അനുമതിയില്ലാതെ ഹാജർ രേഖപ്പെടുത്തുകയും പ്രോജക്ട് ഓഫീസറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയോ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയോ ചെയ്യാറില്ലെന്നും ടിയാളുടെ നിസ്സഹകരണം മുഖേന ഒരു കോടിയോളം രൂപ അർഹതപ്പെട്ട ആദിവാസികൾക്ക് നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളതെന്നും ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം) പരാമർശം 3 - ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തു.

2) പരാമർശം 2 - പ്രകാരം ടിയാന് ഒരു മെമ്മോ തയ്യാറാക്കുകയും അതു നൽകാൻ ചെന്നപ്പോൾ ഒരാഴ്ചയ്ക്കു ശേഷം ഓഫീസിൽ വന്ന ശ്രീ. പി. കെ. ബാബു അന്നു തന്നെ അനധികൃതമായി ഓഫീസ് വിട്ടു പോകുകയും ചെയ്തതായി ചീഫ് എഞ്ചിനീയർ അറിയിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി. കെ. ബാബു പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ അട്ടിമറിക്കുവാൻ ശ്രമിക്കുകയും ആദിവാസി കുട്ടികൾ താമസിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളുടെ റിപ്പയർ പ്രവർത്തി, കുടിവെള്ള പദ്ധതികൾ തുടങ്ങിയ പദ്ധതികൾക്കുള്ള ഫണ്ട് മുഴുവൻ പാഴായിപ്പോകുന്ന അവസ്ഥ ഉണ്ടാക്കുകയും ചെയ്തതായി ബോദ്ധ്യപ്പെട്ടു.

4) മേൽ സാഹചര്യത്തിൽ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയ ശ്രീ. പി. കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ശ്രീ. പി. കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സസ്പെൻഷൻ കാലയളവിൽ ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

6) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) ഇക്കാര്യത്തിൽ അന്വേഷണം നടത്തി മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. കെ. രാജേന്ദ്രൻ
അഡീഷണൽ സെക്രട്ടറി

ശ്രീ. പി. കെ. ബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ. ടി. ഡി. പി. പ്രോജക്ട് ഓഫീസ്. [ ചീഫ് എൻജിനീയർ (ഭരണ വിഭാഗം) തിരുവനന്തപുരം മുഖേന]
ചീഫ് എൻജിനീയർ (ഭരണ വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) / (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, ബ്രാഞ്ച് ഓഫീസ്, പി.ബി.നം.507, കരുണാകരൻ നമ്പ്യാർ റോഡ്, തൃശൂർ-680 020.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ